**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 815**

**30.01.2019-ൽ മറുപടിയ്ക്ക്**

**പുതിയ സാംസ്കാരിക നിലയങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. തോമസ്<br>ശ്രീ. വി. ടി. ബൽറാം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ സാംസ്കാരിക വകുപ്പ് പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങൾ/സമുച്ചയങ്ങൾ/ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കമോ; | (എ) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങൾ/സമുച്ചയങ്ങൾ/കേന്ദ്രങ്ങൾ എന്നിവയുടെ പേരും പ്രഖ്യാപിച്ച തുകയും താഴെ പറയുന്നവയാണ്.<br>__2016-17__<br>1, സംസ്ഥാനത്തെ 14 ജില്ലകളിലുമായി കേരള ഇൻഫ്രാസ്ട്രകച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി.<br>2, ശിവഗിരി ജാതിയില്ലാ വിളംബര ശദാബ്ദി മ്യൂസിയം തിരുവനന്തപുരം - 5 കോടി രൂപ<br>3, ഒടുവിൽ ഉണ്ണി കൃഷ്ണൻ സ്മാരകം, പാലക്കാട് - 25 ലക്ഷം രൂപ<br>4, എം. ഡി. രാമനാഥൻ സ്മാരകം, കണ്ണമ്പ്ര, പാലക്കാട് - 50 ലക്ഷം രൂപ |

5, കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം, വലപ്പാട്, തൃശ്ശൂർ - 25 ലക്ഷം രൂപ

2017-18

1, ഒ. എൻ. വി കൾച്ചറൽ കോംപ്ലക്സ്, തിരുവനന്തപുരം - 5 കോടി രൂപ

2, ബ്രഹ്മശ്രീ. അയ്യാഗുരു സ്വാമികളുടെ പേരിൽ ഒരു മഹാസമാധി ക്ഷേത്രം, തിരുവനന്തപുരം - 10 ലക്ഷം രൂപ

3, ശ്രീ. റ്റി. ദിവാകരൻ സ്മാരകം, വഴുതക്കാട്, തിരുവനന്തപുരം - 10 ലക്ഷം രൂപ

4, വി. സാംബശിവൻ സ്മാരകം, കൊല്ലം- 10 ലക്ഷം രൂപ

5, കടമ്മനിട്ട രാമകൃഷ്ണ ഫൗണ്ടേഷൻ - 50 ലക്ഷം രൂപ

2018-19

1, റൂറൽ ആർട്ട് ഹബ്ബുകൾ (വിവിധ ജില്ലകളിൽ) - 3 കോടി രൂപ

2, എ. കെ. ജി. സ്മാരകം, പെരളശ്ശേരി, കണ്ണൂർ - 10 കോടി രൂപ

3, മഹാകവി ഒളപ്പമണ്ണ സ്മാരക സാംസ്കാരിക നിലയം, പാലക്കാട് - 75 ലക്ഷം രൂപ

4, വെള്ളൂർ പി രാഘവൻ സാംസ്കാരികകേന്ദ്രം, കോഴിക്കോട് - 18,60,000/- രൂപ

(ബി) ഇവ ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ പരാമർശിച്ചവയിൽ 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ശിവഗിരി ജാതിയില്ലാ വിളംബര ശതാബ്ദി മ്യൂസിയം സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ ഒടുവിൽ ഉണ്ണി കൃഷ്ണൻ സ്മാരകം, പാലക്കാടിന് 25 ലക്ഷം രൂപയും,എം. ഡി. രാമനാഥൻ സ്മാരകം, കണ്ണമ്പ്ര, പാലക്കാടിന് 50 ലക്ഷം രൂപയും, കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം, വലപ്പാട്, തൃശ്ശൂരിന് 25 ലക്ഷം രൂപയും

| | | | |
|---|---|---|---|
| | | | അനുവദിക്കുകയുണ്ടായി.<br><br>മേൽ പരാമർശിച്ചവയിൽ 2017-18 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ബ്രഹ്മശ്രീ.അയ്യാഗുരു സ്വാമികളുടെ പേരിൽ ഒരു മഹാസമാധി ക്ഷേത്രം, തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും, ശ്രീ. റ്റി. ദിവാകരൻ സ്മാരകം, വഴുതക്കാട്, തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും, വി. സാംബശിവൻ സ്മാരകം, കൊല്ലത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും, കടമ്മനിട്ട രാമകൃഷ്ണ ഫൗണ്ടേഷന് 50 ലക്ഷം രൂപ യും അനുവദിക്കുകയുമുണ്ടായി.<br><br>മേൽ പരാമർശിച്ചവയിൽ 2018-19 സാമ്പത്തിക വർഷം പ്രഖ്യാപിച്ച റൂറൽ ആർട്ട് ഹബ്ബുകൾ സ്ഥാപിക്കുന്നതിന് 3 കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ മഹാകവി ഒളപ്പമണ്ണ സ്മാരക സാംസ്കാരിക നിലയം, പാലക്കാടിന് 75 ലക്ഷം രൂപയും, വെള്ളൂർ പി രാഘവൻ സാംസ്കാരിക കേന്ദ്രം, കോഴിക്കോടിന് 18,60,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും പൂർത്തിയാക്കിയതുമായവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | മേൽ പരാമർശിച്ച പദ്ധതികളിൽ സ്ഥല ലഭ്യത ഉറപ്പാക്കി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നതും, ചില പദ്ധതികൾ അന്തിമ അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ